IV സബ്മിഷൻ

(1) കോട്ടയം ഡവലപ്പ്മെൻറ് അതോറിറ്റി

ശ്രീ. കാനം രാജേന്ദ്രൻ : സർ, കോട്ടയം ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഗവൺമെൻറ് ഈയിടെ ഓർഡർ പുറപ്പെടുവിക്കുകയുണ്ടായി. പ്രാതിനിധ്യ സ്വഭാവത്തോടുകൂടിയുള്ള ഒരു കമ്മിറ്റിയല്ല ഇത്. ഞങ്ങളുടെ എം. പി. യായ സുരേഷ് കുറുപ്പ് ഈ കമ്മിറ്റിയിൽ അംഗമല്ല. ചീഫ് ടൗൺ പ്ലാനർ ഈ അതോറിറ്റിയിൽ അംഗമാകണമെന്നുണ്ട്. അദ്ദേഹത്തെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മുനിസിപ്പൽ ചെയർമാനായ ജില്ലാ കളക്ടർ പോലും ഇതിൽ അംഗമല്ല. അതുപോലെ രാജ്യസഭാംഗവും കോട്ടയം എം. എൽ. എ. യും മന്ത്രിയുമായ ശ്രീ. എൻ. ശ്രീനിവാസൻ ഇതിൻറെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമല്ല. ഈ കമ്മിറ്റിക്കെതിരെ വ്യാപകമായ പ്രതിഷേധമുയർന്നിട്ടുണ്ട്. ഭരണ കക്ഷിയുടെ, പ്രത്യേകിച്ച് കോൺഗ്രസിൻറെ മെമ്പർമാരെ കുത്തിനിറച്ചുകൊണ്ടാണ് ഈ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ഈ അതോറിറ്റി പിരിച്ചു വിടുകയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അംഗങ്ങളെ ഉൾപ്പെടുത്തി ഇതു പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, കോട്ടയം വികസന അതോറിറ്റിയിൽ രാഷ്ട്രീയ പ്രതിനിധികൾക്ക് പ്രാതിനിധ്യം നൽകുന്നതിനുപകരം ഭരണകക്ഷിയിലുള്ള അംഗങ്ങളെ കുത്തി നിറയ്ക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണം. അത് ശരിയല്ല. വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഏറ്റവും പ്രയോജനപ്പെടുമെന്ന് ഉത്തമബോദ്ധ്യമുള്ള ആളുകളെയാണ് അവിടെ എടുത്തിട്ടുള്ളത്. അല്ലാതെ രാഷ്ട്രീയ പരിഗണന വച്ചിട്ടില്ല. കോട്ടയം എം. പി. സുരേഷ്ക്കുറുപ്പ് ഇതിൽ അംഗമല്ല എന്നുള്ളതാണ് ഇവിടെ ഉന്നയിച്ചിരിക്കുന്ന മറെറാരു ആരോപണം. ടൗൺ പ്ലാനിംഗ് നിയമമനുസരിച്ചാണ് വികസന അതോറിറ്റി രൂപീകരിച്ചത്. എം. പി. മാരെ വികസന അതോറിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് നിബന്ധനകൾ അനുശാസിക്കുന്നില്ല. കോട്ടയം എം. എൽ. എ. യായ മന്ത്രി ശ്രീ. എൻ. ശ്രീനിവാസനെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് മെമ്പർ സബ്മിഷനിലൂടെ ഉന്നയിച്ച മറെറാരു ആരോപണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗസംഖ്യ ചെയർമാനെകൂടാതെ പത്തായി പരിമിതപ്പെടുത്തേണ്ടതുള്ളതുകൊണ്ട് ഒരു എം. എൽ. എ. യെ മാത്രമേ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. വികസന അതോറിറ്റിയുടെ കാലാവധി ഒരു വർഷമാണ്. കാലാവധി തീരുന്നതിനു മുൻപ് അതോറിറ്റി പിരിച്ചു വിട്ട് പുനഃസംഘടന നടത്തണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(2) വേന നിർമ്മാണ രംഗത്ത് തൊഴിലാളി യൂണിനുകളുടെ ഇടപെടൽ

ശ്രീ. [illegible]നകരൻ : സർ, ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലുമുള്ള ഒരു സംഘം അങ്ങയുടെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. വെള്ളപ്പൊക്കദുരിതാശ്വാസത്തിൻറെ ഭാഗമെന്ന നിലയിൽ നടത്തുന്ന പ്രവർത്തനങ്ങളിലും എൻ. ജി. ഒ. മാരും അദ്ധ്യാപകരും ഇടത്തട്ടുകാരും സ്വന്തം വേനം

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കാനുള്ള നടപടികളും സ്വീകരിക്കുന്ന അവസരത്തിലും അഞ്ചു തൊഴിലാളികളും പണിയെടുക്കേണ്ട സ്ഥലത്ത് 50 തൊഴിലാളികളുമായി ചെന്ന് യൂണിയൻ നേതാക്കന്മാർ ശല്യപ്പെടുത്തുകയും സമ്മർദ്ദം ചെലുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ അടിക്കടി വർദ്ധിച്ചു വരികയാണ്. ഒരു വീടു വയ്ക്കാനുള്ള അവസരംപോലും നിഷേധിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് അവിടെ നടക്കുന്നത്. അസംഘടിതരായ ഇത്തരം വിഭാഗക്കാർക്ക് അവർക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് വീടു പണി നടത്തുന്നതിന് ആവശ്യമായ സംരക്ഷണം ഗവൺമെൻറിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നു ബഹുമാനപ്പെട്ട അഭ്യന്തര വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, സാധാരണക്കാരായ ആളുകൾ പണം കടം വാങ്ങിയും മറ്റും വീടു വയ്ക്കുമ്പോൾ എതെങ്കിലും തൊഴിൽ തർക്കമുണ്ടാക്കി അത് മുടക്കാൻ ശ്രമിക്കുന്നതിനെ യാതൊരു കാരണവശാലും പ്രോൽസാഹിപ്പിച്ചുകൂടാ. അതാണ് ഗവൺമെൻറിന്റെ നയവും സമീപനവും. ആലപ്പുഴയുണ്ടായ സംഭവത്തെക്കുറിച്ച് പരാതി ലഭിച്ചപ്പോൾതന്നെ ജില്ലാ പോലീസ് സൂപ്രണ്ടിനോടും മറ്റു ഉദ്യോഗസ്ഥൻമാരോടും ഇങ്ങനെ എന്തെങ്കിലും തരത്തിലുള്ള പരാതി കിട്ടിയാൽ അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വീടു വയ്ക്കാൻ ശ്രമിക്കുന്ന സാധാരണക്കാരായ ആളുകൾക്ക് എല്ലാവിധത്തിലുള്ള സംരക്ഷണവും കൊടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരുക്രമവും പിടിച്ചുപറിയും ഗവൺമെൻറ് അനുവദിക്കുന്നതല്ല.

(3) വനം കുടിയേറ്റക്കാരെ ഒഴിപ്പിക്കൽ

ശ്രീ. ജി. വരദൻ : സർ, വനം വകുപ്പ് அமைச்சருടെ கவனத்திற்காக நான் சிலவற்றைக் கூறப்போகிறேன். தேவிகுளம் தொகுதியிலும் உடும்பன்சோலை தொகுதியிலும் வெள்ளத்தூவல், பள்ளிவாசல், சின்னச்சானல் என்று 3 பஞ்சாயத்துகள் உள்ளன. இந்த பஞ்சாயத்துகளில் குறைந்தது 6,000 குடும்பங்கள் உள்ளன. அந்த ஏரியா முழுவதையும் கிராமங்களையும் பஞ்சாயத்துகளையும் வனம் வகுப்புக்கு எடுத்து அந்த ஜனங்களை அங்கிருந்து குடியிறக்கப்போகிறார்கள் என்ற பயத்தில் இருக்கிறார்கள். அந்த மக்கள் 40 ஆண்டுகளுக்கு முன்னால் நட்டு வளர்த்திய மரங்களை வெட்டுவதற்கு அவர்களுக்கு உரிமை கொடுக்கவில்லை. ஆகையால் அங்குள்ள மக்கள் எந்த நேரத்தில் நம்மை குடியிறக்கப்போகிறார்களோ என்று பயந்து கொண்டிருக்கிறார்கள். இதுசம்பந்தமாக ஜில்லா கலக்டர் பத்திரிகையில் ஒரு ஸ்டேட்மென்டு கொடுத்திருந்தார். "அவர்களையெல்லாம் குடியிறக்கப்போகிறோம். ஆகையால் ஒன்றும் செய்யக்கூடாது" என்று அவர் கூறியிருக்கிறார். எனவே அங்குள்ள மக்கள் பயந்து வாழ்கிறார்கள். சார், அவர்களை குடியிறக்கக்கூடாது. அவர்களுடைய உரிமைகளை பாதுகாப்பதற்கான நடவடிக்கைகளை எடுக்கவேண்டுமென்று கேட்டுக்கொள்கிறேன்.

வനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല. നിബിഡ വനങ്ങൾക്കുള്ളിലെ ചില പോക്കറ്റുകളിലുള്ള കൈവശങ്ങൾ ഏറെടുത്ത് അത് കൃഷിക്കാരുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തത്തക്കവിധത്തിലും വനസംരക്ഷണത്തിനുവേണ്ട വിധത്തിലും സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിനുണ്ട്. പക്ഷേ ഈ പറഞ്ഞ പ്രദേശങ്ങളിലെ ഭൂമി റിസർവ് വനം അല്ല. അതുകാരണം അവിടത്തെ കൃഷിക്കാരെ ഒഴിപ്പിക്കുന്ന പ്രശ്നവുമില്ല. ഈ മൂന്നു പഞ്ചായത്തു പ്രദേശങ്ങളിലെയും ഭൂമിയിലെ മരം

LIBRARY ARCHIVES Kerala Legislative Assembly